## ശ്രദ്ധക്ഷണിക്കൽ

### ദേശീയപാതാ വികസനം

ശ്രീ. ജോസ് തെറ്റയിൽ: സർ, കേരളത്തിലെ ദേശീയപാതകളുടെയും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെയും പണി, മറ്റ് അറ്റകുറ്റപ്പണികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് ശ്രദ്ധക്ഷണിക്കലായി ഇവിടെ അവതരിപ്പിക്കുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളോടുള്ള പ്രതിഷേധവും പ്രതികരണവും എന്ന നിലയിലാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ 7 നാഷണൽ ഹൈവേകളായി 1513 കി.മീ. റോഡും സ്റ്റേറ്റ് ഹൈവേകളായി 4342 കി.മീ. റോഡും എം.ഡി.ആർ റോഡുകളായി 27470 കി.മീ റോഡുകളുമാണുള്ളത്. കേരളത്തിൽ ഇന്ന് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് 73 ലക്ഷത്തിലധികം വാഹനങ്ങളാണ്. 1970- ൽ 50,000 വാഹനങ്ങൾ മാത്രമായിരുന്നുവെങ്കിൽ 2006-ൽ അത് 40 ലക്ഷമായി. വാഹനങ്ങളുടെ വളർച്ചാനിരക്ക് 2018-ൽ ഒരുകോടി കവിയുമെന്നാണ് പറയുന്നത്. 2030 ആകുമ്പോഴേക്കും ഒരു കിലോ മീറ്റർ സഞ്ചരിക്കാൻ ഒരു മണിക്കൂർ സമയമെടുക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് കേരളം എത്തുകയാണ്. കേരളത്തിൽ നാഷണൽ ഹൈവേ എന്നു വിളിക്കുന്ന റോഡുകൾക്ക് മേജർ ഡിസ്ട്രിക്ട് റോഡുകളുടെ സ്റ്റാന്റേർഡ്പോലുമില്ല എന്നാണ് പി.ഡബ്ല്യൂ.ഡി.-യുടെതന്നെ റിപ്പോർട്ട്. ദേശീയ അനുപാതം 25 പേർക്ക് ഒരു

വാഹനം എന്നാണെങ്കിൽ കേരളത്തിൽ 6 പേർക്ക് ഒരു വാഹനം എന്ന നിരക്കിൽ എത്തിയിരിക്കുകയാണ്. വാഹന വിപണിയിൽ കേരളം മുൻ നിരയിലെത്തിയപ്പോഴും ഇവിടത്തെ ദേശീയപാതകളുടെ വളർച്ച 5 ശതമാനംപോലും എത്തിയിട്ടില്ല. വല്ലാർപ്പാടം കണ്ടെയ്നർ, വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളെല്ലാം പൂർത്തിയാകുന്നതോടെ കേരളത്തിൽ ഒരു മണിക്കൂർകൊണ്ട് ഒരു കിലോ മീറ്റർ മാത്രം സഞ്ചരിക്കാൻ കഴിയുന്ന സ്ഥിതി വരും. ഇത് വളരെ അടിയന്തരമായി നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ദേശീയ പാതകളുടെ വീതി 45 മീറ്റർ ആയി നിശ്ചയിച്ച് കേരളം നൽകിയ പാക്കേജുപ്രകാരമുള്ള നടപടി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. പ്രതിദിനം ലക്ഷക്കണക്കിന് ആളുകളാണ് ദേശീയ പാത ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് സംഭവിക്കുന്ന 70 ശതമാനം അപകടങ്ങളും 1513 കി.മീ. നീളം വരുന്ന ദേശീയ പാതകളിലാണ്. കേരളത്തിലെ മൊത്തം പാതയുടെ ദൈർഘ്യം 1,51,652 കി.മീ. ആണെങ്കിൽ ദേശീയ പാത 1513 കി.മീ. മാത്രമേയുള്ളൂ. പുതിയ പാക്കേജനുസരിച്ച് കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള എൻ.എച്ച് 47 -ൽ 8 ടോൾഗേറ്റുകളാണ് വരുന്നത്. ടോൾ പിരിക്കുന്നത് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ കൊടുത്തിരിക്കുന്നതുകൊണ്ട് നമ്മൾ ബാദ്ധ്യസ്ഥരാണ്. എറണാകുളം-അങ്കമാലി-മണ്ണൂത്തി റോഡിലുള്ള പാലിയക്കര

യിലെ ടോൾപിരിവ് വിവാദത്തിലാണ്. ഒരു കാറിന് വൺവേ പോകണമെങ്കിൽ 55 രൂപയും ടൂ വേ പോകണമെങ്കിൽ 85 രൂപയും ടോൾ നൽകണം. ഹ്രസ്വദൂര യാത്രക്കാർക്കും ദീർഘദൂര യാത്രക്കാർക്കും ഒരു പോലെ ടോൾ നൽകേണ്ടി വരുന്ന അശാസ്ത്രീയമായ സംവിധാനം കേരളത്തിൽ മാത്രമാണുള്ളത്. പദ്ധതി പ്ലാൻ ചെയ്ത് സമയബന്ധിതമായി തുടങ്ങാൻ കഴിയാത്തതുകൊണ്ട് ആയിരക്കണക്കിന് കോടിരൂപയുടെ എസ്റ്റിമേറ്റ് വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ തലപ്പാടി മുതൽ എടപ്പള്ളി വരെ 420 കി.മീ. നീളമുള്ള എൻ.എച്ച്-17 ഇരുപത് വർഷത്തോളമായിട്ട് അതിന്റെ സ്ഥലമെടുപ്പും അനുബന്ധ കാര്യങ്ങളും പൂർത്തിയാക്കിയിട്ടില്ല. എൻ.എച്ച്-47 -ലെ ആലപ്പുഴ-കൊല്ലം ബൈപ്പാസ് ഇന്നുവരെ പൂർത്തിയാക്കിയിട്ടില്ല. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇത് എന്താകുമെന്ന കാര്യത്തിൽ ആർക്കും ഒരു നിശ്ചയവുമില്ല. അതുപോലെ തൃശ്ശൂരിനും എറണാകുളത്തിനുമിടയിലുള്ള കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലെത്താൻ അങ്കമാലി കടന്നുപോകണമെങ്കിൽ മണിക്കൂറുകൾ വേണം. അങ്കമാലി ബൈപ്പാസിന്റെ കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല. ജനങ്ങളവിടെ നട്ടം തിരിയുകയാണ്. കഴക്കൂട്ടം-കളിയിക്കാവിള എൻ.എച്ച് ബൈപ്പാസിന്റെ കാര്യത്തിൽ കഴക്കൂട്ടം മുതൽ കോവളം വരെയുള്ള 4 വരിപാതയ്ക്ക് സ്ഥലമെടുത്തുകഴിഞ്ഞെങ്കിലും പാത വെറും രണ്ടുവരി പാതയായി തുടരുകയാണ്. ബാക്കി സ്ഥലം ഏറ്റെടുത്തിട്ടില്ല. കോവളം

മുതൽ കളിയിക്കാവിള വരെയുള്ള സ്ഥലമുടമകളിൽ കുറേപേരുടെ സ്ഥലത്തിന്റെ ആധാരങ്ങൾ സ്പെഷ്യൽ തഹസിൽദാരുടെ കയ്യിലാണ്. തഹസീൽദാർ 2007 മുതൽ ആധാരങ്ങൾ കൈവശം വച്ചിരിക്കുകയാണ്. ആ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ പണം കൊടുക്കുകയോ ചെയ്തിട്ടില്ല. അതുപോലെ സ്ഥലം വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറാണെങ്കിലും ഈ പാതയുടെ നിർമ്മാണത്തിന് ഗവൺമെന്റ് ഒരു നീക്കവും നടത്തുന്നില്ല. ഈ ബൈപ്പാസിനുവേണ്ടി ഈ വർഷം 850 കോടി രൂപ അനുവദിച്ചു എന്നാണ് പറയുന്നത്. പക്ഷേ യാതൊരു പ്രതികരണവുമില്ല. അതുപോ ലെതന്നെ ഈ ബൈപ്പാസ് കരമന- കളിയിക്കാവിള വരെയുള്ള സ്റ്റേറ്റ് ഹൈവേയിലെ തിരക്ക് കുറയ്ക്കാൻ ഉപകരിക്കുന്നതാണെങ്കിലും ഒരു നട പടിയും സ്വീകരിക്കുന്നില്ല. ദേശീയ പാതകളുടെ ഗതാഗത വികസനം ഗതിമുട്ടി നിൽക്കുകയാണ്. രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് വേണമെന്ന് പറയുകയും എന്നാൽ അതിനു വേണ്ടി സമയാസമയങ്ങളിൽ കാര്യങ്ങൾ നടത്തുകയും ചെയ്യു ന്നില്ല. ദേശീയ പാതയിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. വാഹനത്തിരക്കിനനുസരിച്ചുള്ള സ്റ്റെബിലിറ്റി റോഡുകൾക്കില്ല. അതു പോലെ റോഡുകൾ അപകടക്കെണിയിലാണ്. കേരളത്തിർ ഒരു ദിവസം 12 പേർ വാഹനാപകടങ്ങളിൽ മരിക്കുന്നതായാണ് കണക്ക്. ഇന്ത്യയിലെ ങ്ങുമില്ലാത്ത സ്ഥിതിയിലേയ്ക്ക് കേരളം എത്തിയിരിക്കുകയാണ്. അതു

പോലെതന്നെ നാഷണൽ ഹൈവേ പണിയുമ്പോൾ വാഹനങ്ങളുടെ പാർക്കിംഗ് സംവിധാനത്തെക്കുറിച്ച് ഒരിടത്തും പറയുന്നില്ല. വിശ്രമ കേന്ദ്രങ്ങൾ, ടോയ്‌ലെറ്റ്, ബസ്ബേ തുടങ്ങിയവ ഒരിടത്തുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .........

ശ്രീ. ജോസ് തെറ്റയിൽ: സർ, വളരെ ഗൗരവമായ എല്ലാവർക്കും വേണ്ടടിയുള്ള കാര്യമാണ്. പെഡസ്ട്രിയനുവേണ്ടിയുള്ള നടപ്പാത നാഷണൽ ഹൈവേയിൽ ഒരിടത്തും കാണുന്നില്ല. ട്രാഫിക് സിഗ്നലുകൾ പല സ്ഥലത്തും പണിയുന്നില്ല. അതുപോലെ നാഷണൽഹൈവേകുളടെ അറ്റകുറ്റപ്പണികൾക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പണം അനുവദിക്കുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞി ട്ടുണ്ട്. കരയാമ്പറമ്പ് റോഡിലെ പ്രശ്നത്തിന് ഒരു പരിഹാരവും കണ്ടെത്തിയിട്ടില്ല. അതുപോലെ പി.ഡബ്ല്യൂ.ഡി ഏറ്റെടുത്ത പഞ്ചായത്ത് റോഡുകളിൽ ഒരു പണിയും ചെയ്തിട്ടില്ല. പഞ്ചായത്തിന് പദ്ധതി അനു വദിക്കാത്തതുകൊണ്ട് അവർക്ക് പണം ചെലവാക്കാൻ കഴിയില്ല. ഇല്ല ത്തുനിന്ന് പുറപ്പെട്ട് അമ്മാത്ത് എത്തിയിട്ടില്ല എന്ന സ്ഥിതിയാണ് പഞ്ചാ യത്ത് റോഡുകളുടേത്. ഇത്തരം സന്ദർഭത്തിൽ ഇതിനുവേണ്ടി അടിയന്തര മായി പണം അനുവദിക്കണം. 800 കോടി രൂപ അടിയന്തരമായി വേണ മെന്നാവശ്യപ്പെട്ട് കേന്ദ്രത്തിനെ സമീപിച്ചതായി അറിഞ്ഞു. അതിന്റെ സ്ഥിതി എന്താണ്? ഇക്കാര്യത്തിൽ ഗൗരവായി ഇടപെട്ട് കേരളത്തിലെ

ഗതാഗത പ്രശ്നം പരിഹരിക്കാൻ  അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട മെമ്പർ ജോസ് തെറ്റയിൽ സൂചിപ്പിച്ച പല കാര്യങ്ങളും പരമാർത്ഥമാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ നമ്മുടെ റോഡുകൾ വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പത്തിന്  പര്യാപതമല്ല. കേരളത്തിലെ റോഡ് വികസനത്തെ  ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രധാന പ്രശ്നം ആവശ്യത്തിന് സ്ഥലം ലഭിക്കുന്നില്ല എന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് നോംസ് അനുസരിച്ച് പുതിയ റോഡുകൾ നിർമ്മിക്കണമെങ്കിൽ 60 മീറ്റർ സ്ഥലം വേണം. പക്ഷേ കേരളത്തിന്റെ സാഹചര്യം കണക്കിലെടുത്ത്  45 മീറ്റർ ആക്കി ചുരുക്കിത്തന്നു. പക്ഷേ ഈ 45 മീറ്റർ സ്ഥലംപോലും ഏറ്റെടുക്കാൻ സാധിക്കുന്നില്ല എന്നുള്ളത്  ദുഃഖകരമായ സ്ഥിതിവിശേഷമാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങളോടും എനിക്ക് യോജിപ്പാണുള്ളത്. പാലിയക്കര ടോളിന്റെ കാര്യം ഇന്നലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എം.എൽ.എ-മാരും ഞങ്ങളെല്ലാവരുംകൂടി ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. അതിനൊരു കട്ട് ഓഫ് ഡേറ്റും തീരുമാനിച്ചിട്ടുണ്ട്. ശ്രീ. ജോസ് തെറ്റയിലും മീറ്റിംഗിനുണ്ടായിരുന്നു. അതോടൊപ്പം തന്നെ എൻ.എച്ച്47-ലെ കരയാമ്പറമ്പ് വളവിനെക്കുറിച്ച് അതുവഴു സഞ്ചരിക്കുന്ന എല്ലാവർക്കും അറിയാം. അതൊരു വലിയ പ്രശ്ന

മാണ്. നിരവധി ജീവൻ പൊലിഞ്ഞിട്ടുള്ള സ്ഥലമാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പത്ത് പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കിയ ഡി.പി.ആർ അനുസരിച്ചാണ് റോഡുകൾ നിർമ്മിച്ചിട്ടുള്ളത്. ആ ഡി.പി.ആറും ഇന്നത്തെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാണ് യഥാർത്ഥ ത്തിൽ കേരളത്തിലെ എൻ.എച്ചുകൾ അഭിമുഖീകരിക്കുന്ന പ്രശ്നം. അതിനുവേണ്ടി ഇന്നലത്തെ യോഗത്തിന്റെ തീരുമാനപ്രകാരം ടെക്നി ക്കൽ എക്സ്പെർട്ട്സ് ഉൾപ്പെടെയുള്ള ഒരു ഉന്നതതല സംഘം കരയാമ്പ റമ്പ് സന്ദർശിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരു കോറി ഡോർ നെറ്റ് വർക്കിന് പദ്ധതിയിട്ടിട്ടുണ്ട്. 2014-2015-ഓടുകൂടി അത് നട പ്പാക്കാൻ സാധിക്കും. അപ്പോൾ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാലിയക്കര ടോൾ ഉൾപ്പെടെ യുള്ള പ്രശ്നങ്ങളിൽ ഗവൺമെന്റ് വളരെ അനുഭാവപൂർവവമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ബൈപ്പാസുകളുടെ കാര്യത്തിൽ ഗവൺമെന്റ് വളരെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്, എന്നുമാത്രമല്ല ആലപ്പുഴ, കൊല്ലം എന്നീ രണ്ട് ബൈപ്പാസുകളുടെ നിർമ്മാണച്ചെലവിന്റെ പകുതി സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിനും പകുതി കേന്ദ്ര ഗവൺമെന്റ് വഹിക്കുന്നതിനുമുള്ള എം.ഒ.യു ഒപ്പിട്ടു കഴിഞ്ഞു. ഒരിക്കലും ഉണ്ടാ കാത്ത ഒരു സംഭവമാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. അതോടൊപ്പംതന്നെ തിരുവനന്തപുരം -കോഴിക്കോട്-തല

ശ്ശേരി-മാഹി ബൈപ്പാസുകളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബൈപ്പാസുകളെ പ്രോത്സാഹിപ്പിക്കുക എന്ന നിലപാടാണ് ഗവൺമെന്റ് എടുക്കുന്നത്. അക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യും. അതോടൊപ്പം തന്നെ അദ്ദേഹം സൂചിപ്പിച്ച അങ്കമാലി ബൈപ്പാസ് പുതുതായി വന്ന നിർദ്ദേശമാണ്. അദ്ദേഹം ഗതാഗത വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ വിഷയം ഉണ്ടായിരുന്നു. അതിന്റെ ഡി.പി.ആർ തയ്യാറാക്കാൻ ആർ.ബി.ഡി.സി-യെ ചുമതലപ്പെടുത്തുകയും പ്രാഥമിക റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട് അത് 257 കോടി രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. ഈ വർഷം അതിന്റെ പണി ആരംഭിക്കാൻ ബുദ്ധിമുട്ടാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് അക്കാര്യം പരിഗണിക്കാവുന്നതാണ്. മണ്ണൂത്തി-ഇടപ്പള്ളി ദേശീയ പാതയിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംയുക്തയോഗം തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സഹകരണം വളരെ കാര്യമായി ഉണ്ടെന്ന് ഇത്തരത്തിൽ പറയുന്നത് ശരിയാണ്. പക്ഷേ അതുകൊണ്ടും തീരുന്നില്ല. പ്രധാനമായും എഞ്ചിനീയറിംഗ് ഡിഫക്ട് ഉള്ള ഒരു സ്ഥലം അങ്കമാലി-ആലുവയ്ക്കും

ഇടയ്ക്കുളള കരിയാട് എന്ന സ്ഥലത്ത് 5 വർഷത്തിലൊരിക്കൽ 150 പേരാണ് ആ പ്രദേശത്ത് മാത്രമായി മരിച്ചത്. അവിടെ എഞ്ചിനീയറിംഗ് ഡിഫക്ടാണ്. എഞ്ചിനീയറിംഗ് ഡിഫക്ട് എല്ലാം ക്യൂവർ ചെയ്തിട്ട് പുതിയ ഡി.പി.ആർ. തയ്യാറാക്കി എൻ.എച്ച്.എ.-യിൽ നിന്നും കൂടുതൽ തുക അനുവദിക്കാനും കേന്ദ്രഗവൺമെന്റിൽ നിന്ന് കൂടുതൽ തുക അനുവദിക്കാനും സംസ്ഥാന ഗവൺമെന്റിന് കൊടുക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ഇതുസംബന്ധമായി ആലോചിക്കുന്നതിന് ഒരു സർവ്വ കക്ഷി യോഗം വിളിച്ചുചേർക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ഈ കാര്യത്തെപ്പറ്റി ഒരു തുറന്ന മനസ്സാണ് ഗവൺമെന്റിനുളളത്. ആവശ്യമാണെങ്കിൽ അത്തരത്തിലുളള ഒരു യോഗം വിളിച്ചു ചേർക്കും. ഇന്ന് അദ്ദേഹം സൂചിപ്പിച്ച ഈ വിഷയത്തിൽ ഒരു നടപടി സ്വീകരിക്കാനായി പുതിയ ഡി.പി.ആർ. ഉണ്ടാക്കാനുമൊക്കെ ഇന്നലെതന്നെ ഏകദേശം ഒരു ധാരണയായിട്ടുണ്ട്. തീർച്ചയായും ഈ കാര്യത്തിൽ ഗവൺമെന്റിന് തുറന്ന മനസ്സാണ്.

**വനാതിർത്തി ഭിത്തി കെട്ടിതിരിക്കൽ**

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിന്റെ വനസമ്പത്ത് നമുക്കറിയാം. 11309 ചതുരശ്രകിലോമീറ്റർ വനവും 3065 സ്വകയർ കിലോ മീറ്റർ വന്യമൃഗ സംരക്ഷണ കേന്ദ്രവുമാണ് കേരളത്തിലുള്ളത്. വന്യമൃഗ ങ്ങളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വളരെയധികം വർദ്ധിച്ചുകൊണ്ടി രിക്കുകയാണ്. അതിൽ ഗണ്യമായ രൂപത്തിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. കാട്ടാനകളും കാട്ടുപന്നികളുമെല്ലാം ഇന്ന് പെരുകിക്കൊണ്ടിരിക്കുന്നു. ഇതനുസരിച്ച് തന്നെ മാൻ-അനിമൽ കോൺഫ്ളിക്ട് വന്യമൃഗ അതിർത്തി പ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരികയാണ്. ഒരുപാട് സ്ഥലങ്ങളിലെ വനൃമൃഗ അക്രമങ്ങൾ മൂലം നിരവധി ആളുകൾ മരിക്കു കയും കൃഷിനാശവും ഉണ്ടാകുന്നു. വീടുകൾക്കും മറ്റ് കെട്ടിട ങ്ങൾക്കുമെല്ലാം നാശമുണ്ടാകുന്നു. കേരളത്തിൽ കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിച്ചാൽ 55 ആളുകൾ വന്യമൃഗ അക്രമണത്തിൽ മരിച്ചി ട്ടുണ്ട്. കഴിഞ്ഞ 4 വർഷക്കാലത്തിനിടയിൽ വയനാട് ജില്ലയിൽ 4 കോടി 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകേണ്ടി വന്നിട്ടുണ്ട്. നിമയസഭ യിലെ ഈ സമ്മേളനത്തിൽ തന്നെ പല അംഗങ്ങളും സംസാരിച്ചപ്പോൾ, വയനാട്ടിലെ മെമ്പർ ശ്രീ. ഐ.സി. ബാലകൃഷ്ണൻ ഇതേ വിഷയം സംബന്ധിച്ച് ഇവിടെ സബ്മിഷനായി ഉന്നയിച്ചിരുന്നു. അതുപോലെതന്നെ ബഹുമാന്യനായ മെമ്പർമാർ ശ്രീ. സി. മോയിൻകുട്ടിയും ശ്രീ. സി. മമ്മൂ ട്ടിയും എല്ലാപേരും സംസാരിച്ചു. 15 ഏക്കർ സ്ഥലവും 1500 തെങ്ങു

കളുംപൂർണ്ണമായും ഒറ്റയടിക്ക് കാട്ടാനക്കൂട്ടം നശിപ്പിച്ച പ്രശ്നങ്ങളെല്ലാം സഭയിൽ ഉയർത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. കെ.സി. ജോസഫിന്റെ നിയോജക മണ്ഡലത്തിലും 8 ആനകളുള്ള കാട്ടാനക്കൂട്ടം ടൗൺ പ്രദേശത്ത് ഇറങ്ങി ഒരു ദിവസം മുഴുവൻ തമ്പടിച്ച് നാട്ടുകാരെയാകെ വിറപ്പിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. പത്രങ്ങളിലും ചാനലുകളിലുമെല്ലാം ഇതേപ്പറ്റി വാർത്തയുണ്ടായിരുന്നു. വന്യമൃഗ സമ്പത്ത് വന്യമൃഗങ്ങളുടെ എണ്ണം പെരുകി വരുന്നതിനനുസരിച്ച് മാനേ ജ്മെന്റ് കോൺഫ്ളിക്ടിനെ തടയാനുള്ള ഫലപ്രദമായ നടപടികൾ പലപ്പോഴും സ്വീകരിക്കുന്നില്ല. ഇന്ന് വനാതിർത്തിയിൽ പലപ്പോഴും ഇടുന്ന ഇലക്ട്രിക് ഫെൻസിംഗ് പ്രായോഗികമല്ല. എന്റെ മണ്ഡലത്തിലുള്ള 5 പഞ്ചായത്തുകളും വനാതിർത്തി പങ്കിടുന്ന പഞ്ചായ ത്തുകളാണ്. അവിടെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാട്ടാനശ ല്യമുണ്ടായ സ്ഥലം സന്ദർശിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് ഇല ക്ട്രിക് ഫെൻസിംഗിന്റെ പോസ്റ്റിനെ ചവിട്ടി അതിൽ വൈദ്യുതി പാസ് ചെയ്യുന്നില്ല. ആന വളരെ ബുദ്ധിയുള്ള മൃഗമാണ്. ആനകൾക്ക് കൃഷി സ്ഥലത്തേയ്ക്ക് വളരെ അനായാസേനെ കടന്നുവരാൻ സാധിക്കും. അതു പോലെ ഇലക്ട്രിക് ഫെൻസിംഗിന്റെ പല കാരണങ്ങൾകൊണ്ടും ഷോർട്ട് സർക്യൂട്ട് ഉണ്ടായിട്ടും പ്രവർത്തനക്ഷമമല്ലാത്തൊരു സാഹചര്യവുമുണ്ടാ കുന്നുണ്ട്. മറ്റൊരു കാര്യം, ട്രെഞ്ചാണ്. കിടങ്ങ് കുഴിച്ചാൽ ആ കിടങ്ങ് ആനകൾ ചവിട്ടി അതിനെ നികത്തിക്കൊണ്ടുപോകാൻ സാധിക്കും.

ഇതിന് ഫലപ്രദമായ ഒരു മാർഗ്ഗം വന്യമൃഗശല്യമുണ്ടാകുന്ന സ്ഥലങ്ങളിലെങ്കിലും കരിങ്കൽഭിത്തി കെട്ടുക മാത്രമാണ് അവലംബനീയമായ മാർഗ്ഗം. എന്റെ മണ്ഡലത്തിൽതന്നെ ആറളം ഫാമിനോട് ചേർന്ന് ആദിവാസികൾക്ക് പ്രത്യേകമായി പതിച്ചുകൊടുത്ത സ്ഥലത്ത് 5 കിലോമീറ്റർ നീളത്തിലും ആറടി ഉയരത്തിലും കരിങ്കൽ ഭിത്തികെട്ടി. കഴിഞ്ഞ വർഷങ്ങളിൽ ആ പ്രദേശത്ത് വളരെ രൂക്ഷമായ കാട്ടാനശല്യമുണ്ടായിരുന്നുവെങ്കിൽ ഇപ്രാവശ്യം അത് തടയാൻ വേണ്ടി സാധിച്ചു. കരിങ്കൽ ഭിത്തികെട്ടുന്നത് ചെലവേറിയ സംരംഭം തന്നെയാണ്. അത് അംഗീകരിക്കുമ്പോൾ ശാശ്വതമായി ഈ പ്രശ്നത്തിൽ മാൻ-അനിമൽ കോൺഫ്ളിക്ട് മനുഷ്യനുള്ളിടത്തോളം കാലവും മൃഗങ്ങളുള്ളിടത്തോളം കാലവും പ്രകൃതിയും ഭൂമുഖവുമെല്ലാം ഉള്ളിടത്തോളം കാലം എല്ലാകാലത്തും നീണ്ടു നിൽക്കുന്നതാണ്. ഓരോ കൊല്ലം ഗവൺമെന്റ് ഇതിനുവേണ്ടി ചെലവഴിക്കുന്ന സംഖ്യയും വനാതിർത്തി സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരത്തിൽ ഇലക്ട്രിക് ഫെൻസിംഗിനും ട്രഞ്ചിംഗിനുമൊക്കെ ചെലവഴിക്കുന്ന സംഖ്യയും അതുപോലെ ആളുകൾക്ക് നഷ്ടപരിഹാരമായി നൽകേണ്ടി വരുന്ന സംഖ്യയും മരിക്കുന്ന ആളുകളുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന സംഖ്യയും വളരെ അപര്യാപ്തമാണ്. ആ സംഖ്യ വർദ്ധിപ്പിച്ചു നൽകണമെന്ന ആവശ്യം നിലനിൽക്കുകയാണ്. അങ്ങനെയെങ്കിൽ നൽകേണ്ടിവരുന്ന സംഖ്യ ആ സംഖ്യയിൽ നിന്ന് പകുതി സംഖ്യ കണ്ട് ഒരുപത്തുവർഷത്തെ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതിയായി ചുരു

ങ്ങിയത് വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെങ്കിലും വനാതിർത്തികളിൽ കരിങ്കൽ ഭിത്തിക്കെട്ടി സംരക്ഷിക്കാൻ സാധിക്കണമെന്നതാണ് എന്റെ വിനീതമായ അഭ്യർത്ഥന. ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ ചൈനയിലെ വൻമതിൽ കാണാൻ പോയി. അവിടെ ക്രിസ്തുവിനുമുമ്പ് തന്നെ 5600 കിലോമീറ്റർ നീളത്തിൽ രാജാക്കന്മാരുടെ ഭരണക്കാലത്ത് വൻമതിൽക്കെട്ടി സംരക്ഷിക്കാൻ സാധിച്ചു. അത്തരത്തിൽ ചിലവേറിയ ഒരു വൻമതിലല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഇവിടെ വനാതിർത്തിയുള്ള പ്രതിപക്ഷ ഭരണപക്ഷ ഭേദമന്യേ എല്ലാ എം.എൽ.എ. മാരും ആവശ്യപ്പെടുന്ന ഒരു കാര്യം ഏറ്റവും സങ്കീർണ്ണമായ വന്യമൃഗ ശല്യമുള്ള പ്രദേശങ്ങളിലെങ്കിലും ശാശ്വതമായി പരിഹരിക്കുന്നതിന് കരിങ്കൽ ഭിത്തി കെട്ടാനുള്ള ഒരു ദീർഘകാലടിസ്ഥാനത്തിലുള്ള പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകണമെന്ന കാര്യം ഞാൻ കേരളത്തിലെ വനാതിർത്തികളിൽ താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകിച്ചും ദുർബ്ബലവിഭാഗത്തിൽപ്പെട്ട ആളുകൾക്കും സാധാരണ ജനവിഭാഗങ്ങൾക്കും വേണ്ടി ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ കൊണ്ടുവരേണ്ടതാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വളരെ നാളായി നമ്മൾ അനുഭവിക്കുന്ന ഒരു ദുരിതമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽക്കൊണ്ടുവന്നത്. എന്റെ

മണ്ഡലത്തിലും ഇതുപോലെ കാടുള്ള സ്ഥലമുണ്ട്. എനിക്കും പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇതുപോലുള്ള ആവശ്യങ്ങളുണ്ട്. തീർച്ചയായും നല്ല ആശയങ്ങളാണ് അദ്ദേഹം മുന്നോട്ട് വച്ചത്. ഫലപ്രദമായി വന്യമൃഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. തമിഴ്നാട്ടിൽ വീരപ്പനെ പോലീസ് വെടിവച്ച് കൊന്നതിനുശേഷം വേട്ട കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ വനത്തിലെ ഏറ്റവും ലേറ്റസ്റ്റ് കണക്ക് അനുസരിച്ച് നോക്കിയാൽ കാട്ടിൽ ഏഴായിരത്തിലധികം ആനകൾ ഉണ്ടെന്നാണ് പറയുന്നത്. അതുപോലെ പുലി, കടുവ, മാൻ എല്ലാ മൃഗങ്ങളും കാട്ടിൽ വർദ്ധിച്ചിരിക്കുകയാണ്. പ്രത്യേകിച്ചും കാട്ടുപന്നിയുടെ ശല്യം വളരെ വർദ്ധിച്ചിരിക്കുകയാണ്. ഈ സർക്കാർ വന്നതിനുശേഷം കാട്ടുപന്നിയെ വെടിവയ്ക്കുന്നതിന് വർഷത്തിൽ ഒരു ഉത്തരവ് ഇറക്കിയിരുന്നു. പക്ഷേ ആ ഉത്തരവിൽ അപാകതകൾ ഉണ്ടെന്ന് സഭയിലും പുറത്തും ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഉത്തരവ് പരിഷ്കരിച്ച് ഇറക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടിട്ടുണ്ട് ബഡ്ജറ്റിൽ ഏതാണ്ട് 12 കോടി 75 ലക്ഷം രൂപയുടെ ഇലക്ട്രിക് ഫെൻസിംഗുകളും കിടങ്ങുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൂടാതെ വയനാട്ടിൽ നബാർഡിന്റെ സഹായത്തോടുകൂടി അഞ്ചര കോടി രൂപയുടെ പദ്ധതി ഫെൻസിംഗിന്റെ വർക്കുകളുമായി നടന്നുക്കൊണ്ടിരിക്കുകയാണ്. സൗത്ത് വനയാട് ഡിവിഷനിലും നോർത്ത് വായനാട് ഡിവി

ഷനിലും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല, അതിന്റെ മെയിന്റനൻസിന് 5 വർഷത്തേയ്ക്കുളള കോൺട്രാക്ട് നിർമ്മിക്കുന്നതും മെയിന്റയിൻ ചെയ്യുന്നതും പൊതുമേഖലാ സ്ഥാപനമായ വനം വികസന കോർപ്പറേഷനാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരു ചെറിയ പുല്ല് വളർന്ന് ഈ വയറിൽ തട്ടിയാൽ അപ്പോൾ തന്നെ എർത്ത് ചെയ്യും. പിന്നീട് അത് വർക്ക് ചെയ്യില്ല. ആനകൾ വളരെ ബുദ്ധിപൂർവ്വ മായി ചവിട്ടിമറിക്കുന്നതിനുമുമ്പ്തന്നെ ഒരു കമ്പ് എടുത്ത് അതിന്റെ പുറ ത്തേയ്ക്ക് എറിയും. എറിഞ്ഞുകഴിഞ്ഞാൽ അത് ഷോർട്ട് ചെയ്ത് പോയി കഴിഞ്ഞാൽ പിന്നീട് വർക്ക് ചെയ്യില്ല. ഇത് വളരെ ബുദ്ധപൂർവ്വമായി ആന പഠിച്ചിരിക്കുന്നു. മാത്രമല്ല, ഇപ്പോൾ എല്ലാ മണ്ഡലങ്ങളിലും എം.എൽ.എ. മാർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി വച്ചിട്ടുണ്ട്. അവരുടെ നിർദ്ദേശപ്രകാ രമാണ്, ഇപ്പോൾ വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടത്തിന് ഫെൻസിംഗ് വയ്ക്കുന്ന പരിപാടി അവസാനിച്ചു. ഏതെങ്കിലും പ്രദേ ശത്തെ ജനങ്ങൾ തിങ്ങിപ്പാർക്കുമ്പോൾ അതിന് ചുറ്റും വേലിയിടുകയാണ് ചെയ്യുന്നത്. അല്ലാതെ 7–8 കിലോമീറ്റർ ഇങ്ങനെ നീളത്തിൽ വേലിയിട്ട് പോകുന്നതുകൊണ്ട് പ്രയോജനമില്ല. അപ്പോൾ അതുകൊണ്ട് എം.എൽ.എ. മാർ അദ്ധ്യക്ഷനായിട്ടുളള കമ്മറ്റിയിലെ തീരുമാനത്തിന് അനുസരി ച്ചുളള നിർദ്ദേശത്തിൽ മാത്രമേ ഫെൻസിംഗ് ഇടുന്നുളളു. ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുമ്പോൾത്തന്നെ കിടങ്ങ് കുഴിക്കുക, മതിൽകെട്ടുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ആറളത്ത്

അഞ്ച് കിലോമീറ്റർ നീളത്തിൽ മതിൽ നിർമ്മിച്ചു. ഒരു കിലോമീറ്റർ മതിൽ നിർമ്മിക്കാൻ 70 ലക്ഷം രൂപയാണ് ചെലവാകുന്നത്. മതിലിനുമുകളിൽ ഒരു മീറ്റർ ഉയരത്തിൽ ഫെൻസിംഗ്കൂടി നിർമ്മിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിന് ഒരു കിലോമീറ്ററിന് ഏകദേശം 90 ലക്ഷം രൂപ ചെലവാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കഴിഞ്ഞ ദിവസം ഇക്കാര്യം ചർച്ച ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വനം വകുപ്പിനോട് വളരെ നിർണ്ണായകമായ സ്ഥലങ്ങളിൽ മതിൽ കെട്ടുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി നാശത്തെ സംബന്ധിച്ച കാര്യങ്ങൾ ശ്രീ. സി. മോയിൻകുട്ടി എന്റെ ശ്രദ്ധ യിൽക്കൊണ്ടുവന്നിരുന്നു. 8 റാപിഡ് ആക്ഷൻ ഫോഴ്സുകളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം രൂപീകരിച്ചത്. ഈ അടുത്ത കാലത്ത് ശ്രീ. സി. മോയിൻകുട്ടിയുടെ മണ്ഡലത്തിൽ ആനയുടെ ശല്യമുണ്ടായപ്പോൾ ഉടൻതന്നെ റാപിഡ് ആക്ഷൻ ഫോഴ്സിനെ കുറച്ചു ദിവസത്തേയ്ക്ക് അവിടേയ്ക്ക് അയച്ചിരുന്നു. വനംവകുപ്പിൽ പ്രൊട്ടക്ടീവ് സ്റ്റാഫിന്റെ എണ്ണം വളരെ കുറവാണ്. കേരളത്തിന്റെ ഏകദേശം 30 ശതമാനം മേഖല യിൽ വനം വ്യാപിച്ചുകിടക്കുകയും വന്യമൃഗങ്ങളുടെ എണ്ണം വർദ്ധി ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിനെയെല്ലാം പ്രതിരോധിക്കാൻ

വനം വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം വളരെ കുറവാണ്. സി.സി.എഫ് ഉൾപ്പെടെ ആറായിരത്തിൽതാഴെ ജീവനക്കാരാണുള്ളത്. .

ശ്രീ. രാജു എബ്രഹാം: സർ, കിടങ്ങുകുഴിക്കൽ വ്യാപിപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കിടങ്ങുകൾ കുഴിക്കുന്ന കാര്യവും മതിൽ നിർമ്മിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. ആദ്യഘട്ടത്തിൽ 80 കോടിയിലധികം രൂപ ചെലവ് വരുമെന്നാണ് ഉദ്യോഗസ്ഥൻമാർ അറിയിച്ചിരിക്കുന്നത്. അതനുസരിച്ച് മുഖ്യമന്ത്രിയുമായി സംസാരിച്ചിരുന്നു. അതിനുള്ള പദ്ധതി കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ മണ്ഡലത്തിൽ ആനത്താര പ്രോജക്ടിനുവേണ്ടി ഏകദേശം 400 ലക്ഷം രൂപ കണ്ണൂർ കളക്ടറെ ഏൽപ്പിച്ചിട്ടുണ്ട്. മൃഗങ്ങൾ നടന്നുപോകുന്ന സഞ്ചാരവഴികൾ മനുഷ്യർ പിടിച്ചടക്കിയതുകൊണ്ട് മൃഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അതുകൊണ്ട് ആ സ്ഥലങ്ങൾ ഏറ്റെടുക്കാനുള്ള തീരുമാനമുണ്ടായി. 36.5 ഹെക്ടറിൽ 29.59 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലംകൂടി ഏറ്റെടുക്കാൻ കണ്ണൂരിലെ എം.എൽ.എ മാർ മുൻകൈയെടുക്കണം. അതിനാവശ്യമായ തുക കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക ആവശ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം അതും അനുവദിച്ചുകൊടുത്തിട്ടുണ്ട്. കർഷകർ സ്ഥലം നൽകാൻ തയ്യാറാണ്. എം.എൽ.എ മാർ ഇനിഷ്യേറ്റീവെടുത്ത്, റവന്യൂ മന്ത്രി അക്കാര്യത്തിൽ നിർദ്ദേശം നൽകി ബാക്കി സ്ഥലംകൂടി എറ്റെടു

ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മതിൽ നിർമ്മിക്കുന്ന കാര്യവും ട്രെഞ്ച് കുഴിക്കുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കൂടുതൽ വന്യമൃഗങ്ങൾ വനത്തിൽനിന്നും പുറത്തു വരുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ രണ്ട് പഞ്ചായത്തുകളിൽ കുരങ്ങിന്റെ ശല്യം കാരണം വീട്ടിൽ ആഹാരം സൂക്ഷിക്കാൻ കഴിയുന്നില്ല. തെങ്ങുകളിലെ തേങ്ങയും കുരങ്ങുകൾ നശിപ്പിക്കുന്നു. കുരങ്ങ്, പുലി തുടങ്ങിയ മൃഗങ്ങളെ പിടിക്കുന്നതിനുവേണ്ടിയുള്ള കൂടുകൾ നിർമ്മിക്കാൻ അഗ്രോ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. രണ്ടുമൂന്ന് കൂടുകൾ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളത് സമയബന്ധിതമായി നൽകാമെന്ന് ആ സ്ഥാപനത്തിന്റെ എം.ഡിയുമായി സംസാരിച്ചപ്പോൾ പറഞ്ഞിരുന്നു. ആ കൂടുകൾകൂടി ലഭിച്ചുകഴിഞ്ഞാൽ മൃഗങ്ങളെ പിടിച്ച് കാട്ടിൽ കൊണ്ടാക്കാവുന്നതാണ്. ഇത് വളരെ ആക്ടീവായിത്തന്നെ നടത്തുന്നതാണ്. എന്ത് ആശങ്കകൾ എം.എൽ.എ മാർക്കുണ്ടെങ്കിലും അത് അറിയിക്കുമ്പോൾ അതനുസരിച്ച് പ്രതികരിക്കാൻ ശ്രമിക്കുന്നുണ്ട്. മന്ത്രിയെന്ന നിലയിൽ പല ദിവസവും രാത്രിയിൽ ഉറങ്ങാറില്ല. എം.എൽ.എ മാരുടെ മണ്ഡലത്തിൽ ആനയിറങ്ങുമ്പോൾ അവരനുഭവിക്കുന്നതുപോലുള്ള ടെൻഷൻ ഞങ്ങളും അനുഭവിക്കുകയാണ്. വയനാട്ടിൽ കടുവയിറങ്ങിയപ്പോൾ അവിടത്തെ എം.എൽ.എ മാരെയും എം.പി മാരെയും ജനപ്രതിനിധികളെയുംപോലെ ഞാനും മുഖ്യമന്ത്രിയും വളരെയേറെ ടെൻഷൻ അനുഭവിച്ചിരുന്നു. ഇലക്ട്രിസിറ്റി ബോർഡിനും വളരെ വിഷമമുണ്ടായിയെന്നാണ് ശ്രീ. ആര്യാ

ടൻ മുഹമ്മദ് പറയുന്നത്. ഇതുകാരണം ആ ദിവസങ്ങളിൽ അവിടെ ലോഡ്ഷെഡിംഗ് ഒഴിവാക്കേണ്ടിവന്നു. മൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടാൽ 3 ലക്ഷം രൂപ ലീഗൽ ഹെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഉടൻതന്നെ നൽകുന്നുണ്ട്. ഒരു ലക്ഷം രൂപയായിരുന്ന നഷ്ടപരിഹാരം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുകയ്ക്ക് ഭാവിയിൽ വർദ്ധനവുണ്ടാകാം. കൃഷി നാശങ്ങൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി കിട്ടിയാൽ കൃഷിനാശങ്ങൾക്കുള്ള നഷ്ടം ഏകദേശം ഇരട്ടിയിലധികം വർദ്ധനവുണ്ടാകും എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ പറഞ്ഞ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി ഒരു റാപിഡ് ആക്ഷൻ ഫോഴ്സ് മാത്രമാണുള്ളത്. പലപ്പോഴും അത്യാവശ്യ സന്ദർഭങ്ങളിൽ റാപിഡ് ആക്ഷൻ ഫോഴ്സിന് എത്തിച്ചേരാൻ സാധിക്കുന്നില്ല. എന്റെ മണ്ഡലത്തിൽ ആറളം, കൊട്ടിയൂർ രണ്ട് വന്യജീവി സങ്കേതങ്ങളുണ്ട്. അതുകൊണ്ട് റാപിഡ് ആക്ഷൻ ഫോഴ്സിന്റെ ഒരു യൂണിറ്റ് രണ്ട് സങ്കേതങ്ങൾക്കായി മാത്രമോ അല്ലെങ്കിൽ ഇരിക്കൂർ, പേരാവൂർ മണ്ലങ്ങളിലെ പ്രദേശങ്ങൾക്കുവേണ്ടിയോ ഒരു ടീമിനെ നിയോഗിക്കാൻ സാധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സംസ്ഥാന തലത്തിൽ എട്ട് റാപിഡ് ആക്ഷൻ ഫോഴ്സുകളാണ് രൂപീകരിച്ചിട്ടുള്ളത്. വളരെ പ്രയാസപ്പെട്ടാണ് അതിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്തത്. ഇപ്പോൾ എഴുന്നൂറോളം പോസ്റ്റുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. 30 വർഷമായി ജോലി ചെയ്യുന്ന ട്രൈബൽ വാച്ചേഴ്സിനെ സ്ഥിരപ്പെടുത്താൻവേണ്ടി ഒരു പ്രൊപ്പോസലുണ്ട്. അത് നടപ്പിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത് കൂടുതൽ റാപിഡ് ആക്ഷൻ ഫോഴ്സുകൾ രൂപീകരിക്കണമെങ്കിൽ അത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും ധനാകര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും കൊണ്ടുവരാം. കൂടുതൽ റാപിഡ് ആക്ഷൻ ഫോഴ്സ് ഇപ്പോഴത്തെ സാഹചര്യത്തിൽ ആവശ്യമാണ്. പക്ഷേ ഇപ്പോൾ അനുവദിച്ച 5 യൂണിറ്റുപയോഗിച്ചാണ് 8 എണ്ണം നടത്തുന്നത്. കൂടുതൽ പോസ്റ്റ് ക്രിയേഷൻ ആവശ്യമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കാം.